## സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ആർപ്പൂക്കര പഞ്ചായത്ത് ,കോട്ടയം

24.01.2024 02.PM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Vishnuprasad U Asst. Town Planner LSGD Kottayam
3. Jipson Jose Asst Exe.Engineer Ettumanoor Block Panchayath
4. Jayachandran P G Junior Superintentant JD Office Kottayam
5. Ganga S, Junior Superintentant JD Office Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

<u>അതിരമ്പുഴ പഞ്ചായത്തിൽ 6 പരാതികൾ അദാലത്തിൽ പരിഗണിച്ചു.</u>

1. ജെയിംസ് തോമസ് സമർപ്പിച്ച പരാതി അദാലത്തിൽ പരിശോധിച്ചു. ടി വിഷയം സംബന്ധിച്ച് ടൌൺ പ്ലാനിംഗ് ഓഫിസിന്റെ നിർദേശത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്നും ആയതു ലഭിച്ചതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. ടി റിപോർട്ട് ലഭിക്കാൻ താമസം വരികയാണെങ്കിൽ ജില്ലാ അദാലത്തിലേക്കു എസ്കലേറ്റ ചെയ്യുന്നതിന് തീരുമാനിച്ചു.
2. Dr.റെയ്ഹാന റഷീദ് സമർപ്പിച്ച പരാതിയിൽ അയൽ പുരയിടത്തിലെ കെട്ടിടം തന്റെ അനുമതി ഇല്ലാതെ പരാതിക്കാരന്റെ അതിരിലേക്കു തള്ളി നിർമ്മിച്ച് എന്നുള്ളതാണ്.ടി പരാതിയിൽ ബഹു ജോയിൻറ് ഡയറക്ടർ അതിരിലേക്കു തള്ളി നിൽക്കുന്ന ഭാഗം പൊളിച്ചു മാറ്റുന്നതിന് നിർദേശിച്ചിരുന്നുആയതു എത്രയും വേഗം ചെയ്യുന്നതിന് എതിർ കക്ഷിക്ക് നോട്ടീസ് നൽകുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
3. ഇസ്മായിൽ കെ എ സമർപ്പിച്ച പരാതിയിൽ പരാതിക്കാരനും യൂസഫ്കുട്ടി എന്ന എതിർ കക്ഷിയും തമ്മിൽ അതിർത്തി തർക്കം നിലനിൽക്കുന്നു എന്നും മതിൽ കെട്ടിയതു കോടതിയിൽ നിന്നും വിധി വന്നതിനു ശേഷമാണ് എന്നും പരാതിക്കാരൻ അറിയിച്ചു. ആയതിനാൽ കോടതി വിധി ലഭിച്ചതിനു ശേഷം തുടർനടപടിയെടുക്കാൻ സാധിക്കുകയുള്ളു എന്ന് സമിതി അറിയിച്ചു അല്ലാത്ത പക്ഷം താലൂക് സർവ്വേ റിപ്പോർട്ട് ലഭിക്കണം എന്നും സമിതി അഭിപ്രായപ്പെട്ടു.
4. എൽസമ്മ രാജു സമർപ്പിച്ച പരാതിയിൽ 220 ബി വയലേഷൻ ഉള്ളതിനാൽ സർക്കാരിൻറെ പൊതു നിർദേശം ലഭിച്ചാൽ മാത്രമേ തുടർ നടപടി എടുക്കാൻ സാധിക്കുകയുള്ളു എന്ന് സമിതി തീരുമാനിച്ചു.
5. കെ സി ജോർജ് സമർപ്പിച്ച പരാതിയിൽ എതിർകക്ഷിയുടെ കെട്ടിട നിർമാണം അനധികൃതമാണ് എന്ന് കണ്ടു പഞ്ചായത്തു എതിര്കക്ഷിക്കു stop

memo നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു. ആയതു പരിഹരിച്ചു പരാതിക്കാരന് മറുപടി നല്കണമെന്ന് അറിയിച്ചു.

6. ബിജുമോൻ സേവ്യർ എന്ന പരാതിക്കാരൻ ഹാജരാകാതിരുന്നതിനാൽ അടുത്ത അദാലത്തിലേക്കു പരാതി മാറ്റി വെച്ചിരിക്കുന്നു.

<u>നീണ്ടൂർ പഞ്ചായത്തിൽ 5 പരാതികൾ അദാലത്തിൽ പരിഗണിച്ചു.</u>

1. വനജമ്മ എന്ന പരാതിക്കാരിക്ക് വീടിനു നമ്പർ ഇട്ടു നൽകുന്നതിനാണ് അദാലത്തിൽ പരാതി നൽകിയത് . പരാതിക്കാരിയുടെ വസ്തുവിൻറെ അതിരിലൂടെ പോകുന്ന വഴി പൊതുവാഴി അല്ല എന്നും ആയതു പുറകു വശത്തെ വീട്ടിലേക്കു പോകുന്നതിനുള്ള വഴി ആണ് എന്നും അറിയിച്ചു. ടി വഴി പരാതിക്കാരിയുടെ അച്ഛന്റെ പേരിൽ ഉള്ളതാണ് എന്നും പരാതിക്കാരി പറഞ്ഞു. ആയതു ഉറപ്പ് വരുത്തിയതിനു ശേഷം പരാതിക്കാരിക്ക് വീട്ടു നമ്പർ ഇട്ടു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയോട് നിർദേശിച്ചു.
2. ഗോപാലകൃഷ്ണൻ സമർപ്പിച്ച പരാതി അദാലത് പരിശോധിച്ചതിൽ പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ പുരയിടത്തിൻറെ അതിർത്തികൾ പ്ലാനിൽ തെറ്റായിട്ടാണ് കാണിച്ചിരിക്കുന്നത്. ആയതു ശരിയായി സമർപ്പിക്കുന്ന പക്ഷം നമ്പർ അനുവദിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു.അതിർത്തി നിർണ്ണയിച്ച് പുതുക്കിയ പ്ലാൻ സമർപ്പിക്കുന്നതിന് കക്ഷിയോട് നിർദ്ദേശിച്ചു.
3. ജഗദമ്മ സമർപ്പിച്ച പരാതിയിൽ പരാതിക്കാധാരമായ എതിർ കക്ഷിയുടെ വീട് ഒരിക്കൽ കൂടി സ്ഥല പരിശോധന നടത്തുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു. നിയമ ലംഘനം കണ്ടെത്തുന്ന പക്ഷം തുടർ നടപടി സ്വീകരിക്കണമെന്നും അറിയിച്ചു.
4. കെ എസ് ചന്ദ്രൻ സമർപ്പിച്ച പരാതിയിൽ 220 ബി വയലേഷൻ നില നിൽക്കുന്നതിനാൽ സർക്കാരിൻറെ പൊതുവായ നിർദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.
5. ലീല വിജയൻ സമർപ്പിച്ച പരാതിയിൽ 220 ബി വയലേഷൻ നില നിൽക്കുന്നതിനാൽ സർക്കാരിൻറെ പൊതുവായ നിർദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

<u>ആർപ്പൂക്കര പഞ്ചായത്തിൽ 5 പരാതികളാണ് അദാലത്തിൽ പരിഗണിച്ചു.</u>

1. ടാർസൻ ഐസക്ക് സമർപ്പിച്ച പരാതി മരണ സർട്ടിഫിക്കറ്റ് ലഭിച്ചില്ല എന്നുള്ളതാണ്. Non Availability Certificate ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു. ആയതു ലഭിച്ചതിനു ശേഷം താലൂക്ക് ഓഫീസിൽ അപേക്ഷ കൊടുത്തു മരണം രജിസ്റ്റർ ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെട്ടു.
2. പുഷ്പ രാജു സമർപ്പിച്ച പരാതിയിൽ 220 ബി വയലേഷൻ ഉള്ളതിനാൽ സർക്കാരിന്റെ പൊതു നിർദേശത്തെ വരുന്ന മുറയ്ക്ക് ക്രമവൽക്കരണത്തിനുള്ള അപേക്ഷ നൽകുന്നതിന് നിർദേശിച്ചു തീരുമാനിച്ചു.
3. രാജമ്മ ഗോപി സമർപ്പിച്ച പരാതി സമിതി പരിശോധിച്ചു. പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ട ന്യൂനതകൾ പരിഹരിച്ചു അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരിക്ക് നിർദേശം നൽകി.

4. കുഞ്ഞമ്മ തോമസ് സമർപ്പിച്ച പരാതിയിൽ ടി കെട്ടിടത്തിന് നിലവിൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം നമ്പർ ഇല്ല എന്ന് സെക്രട്ടറി അറിയിച്ചു എന്നാൽ ഇലക്ട്രിസിറ്റി കണക്ഷൻ ഉള്ളതിനാൽ നമ്പർ ഉണ്ടായിരിക്കാൻ സാധ്യത ഉണ്ട് എന്ന് പരാതിക്കാരൻ വാദിച്ചു. രജിസ്റ്റർ ഒന്നുകൂടി പരിശോധിക്കുന്നതിനും നമ്പർ ഇല്ല എങ്കിൽ പുതിയ അപേക്ഷ നൽകുന്നതിനും നിർദേശിച്ചു തീരുമാനിച്ചു.
5. സുബിൻ ടി ആർ സമർപ്പിച്ച പരാതിയിൽ പരാതിക്കാരൻ നിലവിൽ മരണ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു.Non Availability Certificate ന് വേണ്ടി അപേക്ഷ നല്കാൻ പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു.

അദാലത്ത് കൃത്യം 5 മണിയ്ക്ക് അവസാനിച്ചു.

